നിലത്തെഴുത്താശാൻ സംഘടനയുടെ പ്രസിഡന്റായ എനിക്ക് അവരുടെ വേദനകളും യാതനകളും അറിയാം. 2000-2001 മുതൽ നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ 150 രൂപ പഞ്ചായത്തുകൾ നൽകുന്ന പ്രതിമാസ ഗ്രാന്റ് മാത്രമാണ് അവരുടെ ഏകവരുമാനം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ
10 A.M.] ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ നിലത്തെഴുത്താശാന്മാർ vanishing category ആണ്. അവരിപ്പോൾ വളരെ ചുരുങ്ങി വരികയാണ്. ആ വിഭാഗത്തിന് പെൻഷൻ അനുവദിക്കേണ്ടത് മാനുഷികമായും ധാർമ്മികമായും വേണ്ടതാണ്. അതുപോലെ നമ്മുടെ എല്ലാ പാരമ്പര്യവും വച്ചുകൊണ്ട് ആവശ്യമായ കാര്യവുമാണ്. മലയാളഭാഷയുടെ പിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ ട്രസ്റ്റ് തുഞ്ചമ്പറമ്പിലുണ്ടാക്കുന്നതിന് 25 ലക്ഷം രൂപ ഗ്രാന്റ് ഈ വർഷത്തെ ബഡ്ജറ്റിൽതന്നെ ഇൻക്ലൂഡ് ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം എല്ലാവശങ്ങളും പരിശോധിച്ച് ഈ വർഷംതന്നെ അനുഭാവപൂർവ്വം തീരുമാനമെടുക്കുന്നതാണ്.

(4) കടലുണ്ടിക്കടവിലെ പാലം നിർമ്മാണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മലപ്പുറം-കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കടലുണ്ടി പാലത്തിന്റെ നിർമ്മാണം ഇപ്പോൾ മന്ദഗതിയിലാണ്. കടലുണ്ടി പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കടലുണ്ടിക്കടവ് പാലത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകാണ്. കാലതാമസത്തിന്റെ കാരണം എന്താണെന്ന് അന്വേഷിക്കാം. വളരെ വേഗത്തിൽ പണി തീർക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാം.

(5) ആദിവാസികൾക്കുവേണ്ടി ഒരു പ്രത്യേക വനം ദേശസാൽക്കരണ നിയമം

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വർഗ്ഗീസ് വൈദ്യർ: ബഹുമാനപ്പെട്ട സ്പീക്കർ സർ, കേരളത്തിലാകെയുള്ള മൂന്നുലക്ഷത്തിൽ ചില്വാനമുള്ള ആദിവാസികളുടെയും ലക്ഷക്കണക്കിനുള്ള കാലികളുടെയും ഗൗരവമുള്ള കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പ്രത്യേക ഭൂപരിഷ്ക്കരണം കൊണ്ടുവരണമെന്നുള്ളത് ഒരു നിയമമാണ്. ഇൻഡ്യ സ്വതന്ത്ര്യമായിട്ട് ഏതാണ്ട് 52 വർഷം കഴിഞ്ഞിരിക്കുന്നു. 52 വർഷം കഴിഞ്ഞിട്ടും അതിനുമുൻപും ആദിവാസികൾക്ക് കാട്ടിൽ എവിടെയും കൃഷിചെയ്യാനും വേട്ട നടത്താനും അധികാരമുണ്ടായിരുന്നു. എന്നാൽ 1949-നു ശേഷം ഫോറസ്റ്റ് നിയമം വന്നതോടുകൂടി ആദിവാസികൾക്ക് ഫോറസ്റ്റിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

വേട്ടയാടാനും ഭൂമിയിൽ കൃഷി ചെയ്യാനും അധികാരമില്ലാതായി. അതുപോലെ 1971 മേയ് 10-ന് സ്വകാര്യവനം ദേശസാൽക്കരിച്ചശേഷം വയനാടു പോലെയുള്ള വെള്ളൂർക്കാവിൽ നിന്നു അടിമകളെപോലെ കാശുകൊടുത്ത് മേടിച്ചുകൊണ്ടു വരുന്നവരാണ് ആദിവാസികളിൽപ്പെട്ട പണിയർ, ഊരാളിമാർ, അടിയാൻമാർ കാട്ടുനായ്ക്കന്മാർ തുടങ്ങിയവർ. ഇവർ ഫോറസ്റ്റിനകത്ത് പണിയെടുത്താണ് ജീവിച്ചിരുന്നത്. ഫോറസ്റ്റിനകത്ത് ഇവർക്ക് ഭൂമി കൊടുക്കണമെന്ന് നിയമമുണ്ട്. പക്ഷെ ഫോറസ്റ്റിനകത്ത് ഇന്ന് അവർക്ക് പ്രവേശനമില്ല. ഒരു സെന്റു ഭൂമി പോലുമില്ലാതെ അവർ അടിമകളായി നടക്കുകയാണ്. എന്നാൽ സ്വകാര്യവന ഉടമകൾ 600 ഹെക്ടർ ഭൂമി സുപ്രീം കോടതിയിൽ കേസിനു പോയി വാങ്ങിയിരിക്കുന്നു. ഒരു സെന്റു ഭൂമിപോലുമില്ലാത്ത അടിമകളെപോലുള്ള ആളുകൾക്ക് സുപ്രീം കോടതിയിൽ ഒന്നും പോകാൻ കഴിയുകയില്ല. കാർഷിക സമ്പത്തിന്റെ പത്തിലൊന്ന് കാലിസമ്പത്താണ്. ആ കാലികൾക്ക് തീറ്റയ്ക്കു വേണ്ടി ഭൂപരിഷ്ക്കരണം വന്നപ്പോഴും സ്വകാര്യ വനം ദേശസാൽക്കരിച്ചപ്പോഴും അവർക്ക് പ്രത്യേകമായി ഭൂമി മാറ്റിവച്ചിട്ടില്ല. അതുകൊണ്ട് സ്വകാര്യവനം ഏറ്റെടുത്തപ്പോൾ ആദിവാസികൾക്കും അതുപോലയുള്ളവർക്കും ഭൂമി കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അടിയന്തിരമായും നിയമം കൊണ്ടുവന്ന് മിണ്ടാപ്രാണികളായ ആദിവാസികളിൽപ്പെട്ട ആദിവാസികൾ.... എന്നു പറയുമ്പോൾ വെള്ളൂർക്കാട് ഉത്സവത്തിന് അടിമകളെപോലെ വാങ്ങിച്ചു കൊണ്ടിരുന്ന ആ ആദിവാസികൾക്ക് നിയമാനുസരണം ഭൂമി കൊടുക്കാനുള്ള നിയമനടപടി എടുക്കണം. അതുപോലെ കാലികൾ അതു മിണ്ടാപ്രാണികളാണ്. അതിനു തിന്നാൻ പുല്ലില്ല. സ്വകാര്യ വനം ദേശസാൽക്കരിച്ചപ്പോൾ കാട്ടിൽക്കൂടി മേഞ്ഞുകൊണ്ടിരുന്ന കാലികൾക്കും നിയമാനുസരണം ഭൂമി മാറ്റിവച്ചു കൊടുക്കാനുള്ള നിയമ നിർമ്മാണം കൊണ്ടുവരണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് പ്രത്യേകമായ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : 1971-ൽ വനം ദേശസാൽക്കരിച്ചപ്പോൾ ആദിവാസികൾക്ക് നിയമപരമായി കൊടുക്കേണ്ട ഭൂമി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേരള പ്രൈവറ്റ് ഫോറസ്റ്റ് ആക്ട് നിലവിൽ വന്നപ്പോൾ മലബാർ മേഖലയിലും തിരുവനന്തപുരം പ്രദേശത്തെ ചില മേഖലകളിലുമുണ്ടായിരുന്ന സ്വകാര്യ വനഭൂമി മുഴുവൻ സർക്കാരിൽ നിക്ഷിപ്തമായി. ഈ നിയമത്തിന്റെ 10-ാം വകുപ്പനുസരിച്ചുള്ള ആവശ്യങ്ങൾക്ക് മാറ്റിവച്ചശേഷം ബാക്കിയുള്ള ഭൂമി പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള കർഷകർക്കും കർഷകതൊഴിലാളികൾക്കും അവരുടെ കുടുംബങ്ങളിലെ തൊഴിൽ രഹിതരായ യുവാക്കൾക്കും കൃഷി ചെയ്ത് ജീവിക്കാൻ കൊടുക്കണമെന്ന് ഇതിൽതന്നെ വ്യവസ്ഥ ചെയ്തു. 1974-ൽ പുറപ്പെടുവിച്ച ചട്ടങ്ങളിൽ ഓരോ വിഭാഗത്തിനും പതിച്ചുകൊടുക്കേണ്ട ഭൂമിയുടെ വിഹിതം എത്രയാണെന്ന് വ്യക്തമായി നിർവചിച്ചിരുന്നു. ഇതനുസരിച്ച് ഓരോ വ്യക്തികൾക്കും പരമാവധി 5 ഏക്കർവരെ പതിച്ചുകൊടുക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. അങ്ങനെ ഭൂമി പതിച്ചു കൊടുക്കുമ്പോൾ 50 ശതമാനം ഭൂമി ആദിവാസികൾക്ക് കൃഷിചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

ജീവിക്കുന്നതിന് നല്കണമെന്നും ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്നു. 1,69,411 ഹെക്ടർ ഭൂമിയാണ് നിക്ഷിപ്ത വനമായിട്ട് 1971-ൽ സർക്കാർ നോട്ടിഫൈ ചെയ്ത്, ചട്ടം 4 അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ ഭൂമി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. മാധവമേനോന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. ഈ കമ്മിറ്റി നിക്ഷിപ്ത വനമെല്ലാം സന്ദർശിച്ച് അതിന്റെയടിസ്ഥാനത്തിൽ വിശദമായ പഠനത്തിനു ശേഷം ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. അതിൽ 58,777 ഹെക്ടർഭൂമി, 2,76,580 ഏക്കർ ഭൂമി, പതിച്ചുനൽകാൻ മാറ്റിവയ്ക്കണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചിരുന്നത്. ബാക്കിയുള്ളത് റിസർവ് ചെയ്യണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പതിപ്പിനുവേണ്ടി മാറ്റിച്ച 58,777 ഹെക്ടറിൽ 1980-ലെ കേന്ദ്രവനം നിയമം വരുന്നതിനു മുൻപ് 10,228 ഹെക്ടർ ഭൂമി റവന്യൂ വകുപ്പ് വിതരണം ചെയ്തു കൊടുത്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് അങ്ങനെ പതിച്ചുനൽകിയത് 2,096 ഹെക്ടറാണ്. 1980-ൽ കേന്ദ്ര വനം നിയമം വന്നതോടുകൂടി റവന്യൂ വകുപ്പിലേയ്ക്ക് ഈ ഭൂമി കൈമാറ്റം ചെയ്യാനോ വിതരണം ചെയ്യുന്നതിനോ കഴിയാതെവന്നു. അതിനുശേഷം കഴിഞ്ഞ 19 വർഷങ്ങളായി മേൽനടപടികളൊന്നും ഉണ്ടായില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം vested forest നിയമമനുസരിച്ച് ആദിവാസികൾക്ക് നൽകേണ്ടതാണെന്ന് പറയപ്പെടുന്ന ഭൂമി അവർക്ക് കൊടുക്കുന്നതിന് അനുവാദം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചു. 1999-ൽ ഭൂമിയില്ലാത്ത ആദിവാസികൾക്കെല്ലാം ഒരു ഏക്കറെങ്കിലും പതിച്ചു നൽകുന്നതിനും ഒരു ഏക്കറിനു താഴെ ഭൂമിയുള്ളവർക്ക് ഒരു ഏക്കർ തികയാനുള്ള ഭൂമി കൊടുക്കുന്നതിനും, ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനും ഭൂമി ആവശ്യമുണ്ട്. അതുകൊണ്ട് ഈ നിയമപ്രകാരം ഗവൺമെന്റ് അടിയന്തിരമായും 25,000 ഹെക്ടർ ഭൂമിയെങ്കിലും വിട്ടുതരണമെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. കേന്ദ്ര മന്ത്രിയുമായി ഈ പ്രശ്നങ്ങൾ ഒന്നുരണ്ടു പ്രാവശ്യം ഞങ്ങൾ ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വിശദാംശങ്ങളും സ്കെച്ചുകളുമൊക്കെ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വൈദ്യർ പറഞ്ഞത് വളരെ ശരിയാണ്. ആദിവാസികളുടെ ഭൂമിയില്ലായ്മ ഗൗരവമായ പ്രശ്നമാണ്. ഒരു കാലത്ത് വനത്തിന്റെ മുഴുവൻ അധിപന്മാരായിരുന്നവർക്ക് ഇന്ന് ഒരു സെന്റ് ഭൂമിയെങ്കിലും ഇല്ലാത്ത സ്ഥിതി നിലവിലുണ്ട്. അത് പരിഹരിക്കുന്നതിന് വളരെ പ്രതിബന്ധതയോടുകൂടി ആ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതോടൊപ്പം കാലികളെ മേയിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളിലും നമുക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് അലോചിക്കുന്നുണ്ട്. ഇപ്പോൾ റവന്യൂ വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന ഇത്തരം മേച്ചിൽ സ്ഥലങ്ങളൊക്കെ പഞ്ചായത്ത് ആക്ട് വന്നപ്പോൾ പഞ്ചായത്തിൽ വെസ്റ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ടുകൊണ്ട് അതിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly